പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*525

**20.11.2019 -ലെ മറുപടിയ്ക്ക്**

## അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ

ചോദ്യം

ശ്രീ.എം. രാജഗോപാലൻ
ശ്രീ.എസ്.രാജേന്ദ്രൻ
ശ്രീ.ഡി.കെ. മുരളി
ശ്രീ.ഒ.ആർ.കേളു :

ഉത്തരം

ശ്രീ. ടി.പി.രാമകൃഷ്ണൻ
(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തനരഹിതമായതോ ആയ തോട്ടങ്ങൾ സംരക്ഷിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

എ) ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തരഹിതമായതോ ആയ തോട്ടങ്ങൾ സംരക്ഷിക്കുന്നത് സംബന്ധിച്ച് ഈ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് തോട്ടം ഉടമകളുമായും തൊഴിലാളി സംഘടനാനേതാക്കളുമായും തൊഴിൽ വകുപ്പ് മന്ത്രി നിരവധിഘട്ട ചർച്ചകൾ നടത്തിയിട്ടുണ്ട്. തുടർന്ന് പൂട്ടിക്കിടക്കുന്ന ഈ തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ മാനേജ്മെന്റുകളോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റുകൾ സമർപ്പിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

ബി) അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് നടത്തുകയോ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിപ്പിക്കുകയോ സന്നദ്ധതയുള്ള സ്വകാര്യ കമ്പനികൾക്ക് കൃത്യമായ മാനദണ്ഡങ്ങളോടെ കൈമാറി പ്രവർത്തിപ്പിക്കുകയോ ചെയ്യാൻ സാധിക്കുംവിധം നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

ബി) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിൻമേൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ശുപാർശകളിൽ ഇനം നം. (11) ൽ , ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തന രഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് നടത്തുകയോ അല്ലെങ്കിൽ തൊഴിലാളികളുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് അവയ്ക്ക് സർക്കാർ ധനസഹായം നൽകി പ്രവർത്തിപ്പിക്കുകയോ ചെയ്യണമെന്ന വിഷയത്തിൽ ആവശ്യമായ നിയമനിർമ്മാണം (Initiate

| | |
|---|---|
| വിശദമാക്കുമോ; | proposal for legal frame work)നടത്തുന്ന കാര്യം പരിശോധിക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. കൂടാതെ റവന്യൂ വകുപ്പ് നിലവിൽ തയ്യാറാക്കിയിരിക്കുന്ന ലാന്റ് ലീസ് ആക്ടിന്റെ പരിധിയിൽ ഇക്കാര്യം കൂടി കൊണ്ടുവരുന്ന കാര്യം പരിഗണിക്കാവുന്നതാണ്, എന്നത് സംബന്ധിച്ച് സർക്കാരോ തൊഴിലാളികളുടെ സഹകരണ സംഘങ്ങളോ സന്നദ്ധരായ സ്വകാര്യ കമ്പനികളോ വ്യക്തമായ മാനദണ്ഡത്തോടെ തോട്ടങ്ങൾ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുകയാണെങ്കിൽ തോട്ടത്തിന്റെ സ്വഭാവത്തിൽ മാറ്റം വരുത്തരുതെന്ന വ്യവസ്ഥയോടെ അംഗീകരിക്കുകയും ചെയ്യും. ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |
| സി) പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളുടെ പാട്ടക്കരാർ പുതുക്കി നൽകുന്നതിനുള്ള തടസ്സങ്ങൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | സി) ഉണ്ട്. പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളുടെ പാട്ടകരാർ പുതുക്കി നൽകുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നത് സംബന്ധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

(signature)

**സെക്ഷൻ ഓഫീസർ**